റോഡുകളുടെ അറ്റകുറ്റപ്പണി

217 (3968) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ കേബിളുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി വെട്ടിപൊളിക്കുന്നത്, പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ യഥാസമയം പൂർവ്വസ്ഥിതിയിലാക്കാത്തവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്;

(സി) മഴക്കാലത്തും മറ്റും റോഡുകളിൽ രൂപപ്പെടുന്ന ചെറിയ ഗർത്തങ്ങൾ യഥാസമയം അറ്റകുറ്റപ്പണി നടത്താത്തത് റോഡുകൾ പൂർണ്ണമായി തകരുന്നതിന് ഇടയാക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ;

(ഡി) മഴക്കാലത്തും മറ്റും മണ്ണും ചെളിയും റോഡിലേക്കിറങ്ങി വാഹനങ്ങൾ അപകടത്തിൽപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് നീക്കം ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ: ഇല്ലെങ്കിൽ ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) റോഡുകളിൽ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായാൽ ഉടൻതന്നെ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള പ്രവൃത്തി ആരംഭിക്കുന്നതാണ്. ഇതിനായി സമയ പരിധി നിശ്ചയിച്ചിട്ടില്ല.

(ബി) കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായാൽ ഉടൻ റോഡ് പൂർവ്വസ്ഥിതിയിൽ പുനഃസ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രവൃത്തി ടെണ്ടർ ചെയ്ത് അംഗീകരിച്ച് കരാറുകാരനെ ഏൽപ്പിച്ച് പൂർത്തീകരിക്കുന്നതാണ് നിലവിലെ നടപടിക്രമം. ഈ നടപടിക്രമങ്ങളെല്ലാം ത്വരിതപ്പെടുത്തുന്നതിന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അറ്റകുറ്റപ്പണി നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നതാണ്.

(ഡി) നിലവിലെ നിർദ്ദേശമനുസരിച്ച് സെക്ഷനിലെ ഉദ്യോഗസ്ഥർ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന റോഡുകൾ നിരന്തരമായി നിരീക്ഷിച്ച് വാഹനങ്ങൾക്ക് അപകടമുണ്ടാകുന്ന രീതിയിലുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ അത് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly